**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2491** **12-02-2024 - ൽ മറുപടിയ്ക്ക്**

**കണ്ടിൻജന്റ് ജീവനക്കാരെ പൊതു സർവീസിൽ ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നഗരസഭകളിലെ ശുചീകരണ വിഭാഗമായ കണ്ടിൻജന്റ് ജീവനക്കാരെ തദ്ദേശ സ്വയംഭരണ പൊതു സർവീസിൽ ഉൾപ്പെടുത്തി ആരംഭഘട്ടത്തിൽ കരട് ലിസ്റ്റ് ഇറക്കുകയും എന്നാൽ അന്തിമ വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കപ്പെട്ടതുമായ സ്ഥിതി ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കണ്ടിൻജന്റ് ജീവനക്കാർ പാർട്ട് ടൈം കണ്ടിൻജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലാണ് ഉൾപ്പെടുന്നത്. കേരള പബ്ലിക്ക് സർവ്വീസ്സ് ആക്ട് നൽകുന്ന അധികാരം ഉപയോഗിച്ചാണ് പ്രസ്തുത റൂൾസ് തയ്യാറാക്കിയിരിക്കുന്നത്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്തു രാജ് ആക്ട് എന്നിവപ്രകാരം പഞ്ചായത്തിലെയും മുനിസിപ്പാലിറ്റിയിലെയും കണ്ടിൻജന്റ് ജീവനക്കാരെ സർക്കാർ ജീവനക്കാരായി കണക്കാക്കാൻ കഴിയില്ല. അതിനാൽ അവർ പബ്ലിക്ക് സർവ്വീസ്സ് ആക്ടിന്റെ പരിധിയിൽ വരുന്നില്ല. ആയതിനാൽ അവരെ പാർട്ട് ടൈം കണ്ടിൻജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിലാണ് കണ്ടിൻജന്റ് വിഭാഗം ജീവനക്കാർക്കു മാത്രമായി വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ബി) | പ്രസ്തുത ജീവനക്കാരെ പൊതു സർവീസിൽ നിന്നും ഒഴിവാക്കി ഇവർക്ക് മാത്രമായി ഒരു സർവീസ് റൂൾ നടപ്പിലാക്കിയാൽ ഒരേ സ്ഥാപനത്തിൽ രണ്ട് തരം ജീവനക്കാരെ സൃഷ്ടിക്കുമെന്നതും ഇവർക്ക് ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ കഴിയാതെ വരുമെന്നതും ഗൗരവമായി കാണുന്നുണ്ടോ; | (ബി) | സംസ്ഥാനത്ത് കണ്ടിൻജന്റ് ജീവനക്കാർ പാർട്ട് ടൈം കണ്ടിൻജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലാണ് ഉൾപ്പെടുന്നത്. കേരള പബ്ലിക്ക് സർവ്വീസ്സ് ആക്ട് നൽകുന്ന അധികാരം ഉപയോഗിച്ചാണ് പ്രസ്തുത റൂൾസ് തയ്യാറാക്കിയിരിക്കുന്നത്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്തു രാജ് ആക്ട് എന്നിവപ്രകാരം പഞ്ചായത്തിലെയും മുനിസിപ്പാലിറ്റിയിലെയും കണ്ടിൻജന്റ് ജീവനക്കാരെ സർക്കാർ ജീവനക്കാരായി കണക്കാക്കാൻ കഴിയില്ല. അതിനാൽ അവർ പബ്ലിക്ക് സർവ്വീസ്സ് ആക്ടിന്റെ പരിധിയിൽ വരുന്നില്ല. ആയതിനാൽ അവരെ പാർട്ട് ടൈം കണ്ടിൻജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിലാണ് കണ്ടിൻജന്റ് വിഭാഗം |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്കു മാത്രമായി വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (സി) | എങ്കിൽ കണ്ടിൻജന്റ് ജീവനക്കാരെ തദ്ദേശ സ്വയംഭരണ പൊതു സർവീസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് കണ്ടിൻജന്റ് ജീവനക്കാർ പാർട്ട് ടൈം കണ്ടിൻജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലാണ് ഉൾപ്പെടുന്നത്. കേരള പബ്ലിക്ക് സർവ്വീസ്സ് ആക്ട് നൽകുന്ന അധികാരം ഉപയോഗിച്ചാണ് പ്രസ്തുത റൂൾസ് തയ്യാറാക്കിയിരിക്കുന്നത്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, കേരള പഞ്ചായത്തു രാജ് ആക്റ്റ് എന്നിവപ്രകാരം പഞ്ചായത്തിലെയും മുനിസിപ്പാലിറ്റിയിലെയും കണ്ടിൻജന്റ് ജീവനക്കാരെ സർക്കാർ ജീവനക്കാരായി കണക്കാക്കാൻ കഴിയില്ല. അതിനാൽ അവർ പബ്ലിക്ക് സർവ്വീസ്സ് ആക്ടിന്റെ പരിധിയിൽ വരുന്നില്ല. ആയതിനാൽ അവരെ പാർട്ട് ടൈം കണ്ടിൻജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിലാണ് കണ്ടിൻജന്റ് വിഭാഗം ജീവനക്കാർക്കു മാത്രമായി വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ